# പൊതുജനം അവഗണിക്കുന്നു; കെ.എസ്.ആർ.ടി.സി.ക്ക് തിരിച്ചടി

സ്വന്തം ലേഖകൻ

തൃശ്ശൂർ : ബസ് ചാർജ്ജ് വർദ്ധനവ് എന്ന ഒറ്റമൂലിയുമായി നഷ്ടം നികത്താൻ തുനിഞ്ഞ കെ. എസ്. ആർ. ടി. സി. ജനങ്ങളുടെ നിശബ്ദ സമരത്തിനുമുന്നിൽ മുട്ടുകുത്തുന്നു. ജനങ്ങൾ കെ. എസ്. ആർ. ടി. സി. യെ ബഹിഷ്കരിച്ചു തുടങ്ങിയതോടെ ഏറുന്ന നഷ്ടം എങ്ങനെ പരിഹരിക്കണമെന്നറിയാതെ പകച്ചിരിക്കുകയാണത്രേ അധികൃതർ.

ഭീമമായ ചാർജ്ജ് വർദ്ധനവിനെത്തുടർന്ന് ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ്സ് ബസ്സുകളെ ജനങ്ങൾ അവഗണിച്ചതോടെയാണ് കെ. എസ്. ആർ. ടി. സി. ക്ക് തിരിച്ചടി നേരിടേണ്ടി വരുന്നത്. കേവലം നിറം മാറ്റത്തിലൂടെ സൂപ്പർഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ്സ് സർവ്വീസുകൾ വ്യാപകമാക്കിയ കോർപ്പറേഷൻ ഇപ്പോൾ മറിച്ചു ചിന്തിച്ചു തുടങ്ങിയതായാണ് സൂചനകൾ. എക്സ്പ്രസ്സ് ബസ്സുകളെ ഫാസ്റ്റ് പാസഞ്ചറും സൂപ്പർ ഫാസ്റ്റുമാക്കി മാറ്റുമെന്ന മന്ത്രിയുടെ പ്രസ്താവന വിരൽചൂണ്ടുന്നത് ഇതിലേക്കു തന്നെയാണ്.

ടൗൺ ടു ടൗൺ, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി എന്നിവക്കു മുകളിലുള്ള അധികകൂലി ഈടാക്കുന്ന ഒരു സർവ്വീസും ഇപ്പോൾ കോർപ്പറേഷന് ലാഭകരമാകുന്നില്ല എന്നതു തന്നെയാണ് വസ്തുത. ഭീമമായ ചാർജ്ജ് വർദ്ധനവിനെ തുടർന്ന് ഈ സർവ്വീസുകളുടെ ഇ. പി. കെ. എം. (ഒരു കിലോമീറ്റർ വരുമാനം) കുറഞ്ഞു വരികയാണുണ്ടായത്. തങ്ങളെ പിടിച്ചുപറിക്കാനുള്ള കെ. എസ്. ആർ. ടി. സി. യുടെ ശ്രമങ്ങളെ ചെറുക്കാൻ ജനങ്ങളുടെ 'ബഹിഷ്കരണസമര'ത്തിന് കഴിഞ്ഞു എന്നു വ്യക്തം. ട്രാൻസ്പോർട്ട് ബസുകളെ തള്ളിക്കളഞ്ഞ് സ്വകാര്യബസ്സുകളേയും റെയിൽവേയേയും ആശ്രയിക്കാൻ യാത്രക്കാർ മുതിർന്നപ്പോൾ കെ. എസ്. ആർ. ടി. സി. യുടെ ഒറ്റമൂലിപ്രയോഗം വെളുക്കാൻ തേച്ചത് പാണ്ടായി എന്ന അവസ്ഥയിലേക്കെത്തുകയായിരുന്നു.

സ്വകാര്യമേഖലയിൽ ഓർഡിനറിയും ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറിയും 600 കി. മീ. വരെ ദൂരത്തിന് സർവ്വീസ് നടത്തുമ്പോൾ കെ. എസ്. ആർ. ടി. സി. യിൽ ഓർഡിനറി സർവ്വീസിന്റെ പരമാവധി ദൂരം 50 കി. മീ. മാത്രമാണ്! അതു കഴിഞ്ഞാലുള്ളവ അധികകൂലിയുള്ള ഫാസ്റ്റുകളാകും. കെ. എസ്. ആർ. ടി. സി. യുടെ ഈ ഫാസ്റ്റ് ചൂഷണത്തിനെതിരെ പല ഏജൻസികളും നിയമയുദ്ധത്തിൽ ഏർപ്പെടുന്നുണ്ടെങ്കിലും തങ്ങളുടെ കൊള്ള തുടരുക തന്നെയാണ് കോർപ്പറേഷൻ.

ശബരിമല സ്പെഷൽ സർവ്വീസിന്റെ കാര്യത്തിലും വ്യക്തമായ പകൽക്കൊള്ള തന്നെയായിരുന്നു കോർപ്പറേഷൻ അനുവർത്തിച്ചിരുന്നത്. അധികസൗകര്യങ്ങൾ ഒന്നുപോലും നൽകാതെ 20% ത്തോളം ചാർജ്ജ് വർദ്ധനവ് ഈ സർവ്വീസുകളിൽ ഏർപ്പെടുത്തുകയായിരുന്നു. മുൻഗതാഗതമന്ത്രിയും കേരള കോൺഗ്രസ് (ബി) നേതാവുമായ ആർ. ബാലകൃഷ്ണപിള്ളയുടെ 'സ്വന്തമായി വണ്ടി വിളിച്ചു പോയാൽപ്പോലും കെ. എസ്. ആർ. ടി. സി. ഫാസ്റ്റിൽ പോകുന്ന ചെലവിനോളമാകില്ല' എന്ന പ്രസ്താവന ശ്രദ്ധേയമായത് ഈ അവസ്ഥയിലായിരുന്നു.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ ബസ്സുകൂലി കൊടുക്കുന്ന കേരളീയരുടെ പ്രതിശീർഷവരുമാനം മറ്റു പല സംസ്ഥാനങ്ങളിലേക്കാൾ വളരെ പിന്നിലാണെന്ന സാഹചര്യത്തിൽ ബസ്സ്കൂലി വർദ്ധിപ്പിച്ച് ലാഭമുണ്ടാക്കാനാവില്ല എന്ന യാഥാർത്ഥ്യം അംഗീകരിക്കാൻ കോർപ്പറേഷൻ അധികൃതർ തയ്യാറാകാതിരുന്നതിനാലാണ് കെ. എസ്. ആർ. ടി. സി. യുടെ നഷ്ടം തുടർക്കഥയാകുന്നത്. നഷ്ടം ഇല്ലാതാക്കാൻ സമർപ്പിക്കപ്പെട്ട ബദൽ നിർദ്ദേശങ്ങളൊന്നും മുഖവിലക്കെടുക്കാൻ ഉത്തരവാദപ്പെട്ടവർ ഒരുക്കമല്ല എന്നതത്രേ യാഥാർത്ഥ്യം.

ഈ സാഹചര്യത്തിലാണ് അവഗണനയെന്ന ജനകീയ പ്രതികരണം ശ്രദ്ധേയമാകുന്നത്. യാത്രക്കാരില്ലാതെ സൂപ്പർ എക്സ്പ്രസ്സുകളും സൂപ്പർ ഫാസ്റ്റുകളും കാലിയാകുന്നതോടെ ബഹിഷ്കരണമെന്നത് ശക്തമായ ഒരു പ്രതിരോധമാർഗ്ഗമാണെന്ന് വീണ്ടും തെളിയിക്കപ്പെടുന്നു.